# AKPCTA quarterly

I 3

## Advertisement Tariff

| | | | |
|---|---|---|---|
| Back Cover | — | Rs. 250 | Per insertion |
| Front Inside Cover | — | 200 | ,, |
| Back Inside Cover | — | 200 | ,, |
| Full Page | — | 125 | , |
| Half Page | — | 70 | ,, |
| Quarter Page | — | 40 | ,, |

Commission of 10% allowed for
contract for 4 Issues or more


ലേഖനങ്ങളും പരസ്യങ്ങളും എന്നിവ
ജി. ശങ്കരപ്പിള്ള, സരസ്വതിമന്ദിരം
ശാസ്താംകോട്ട, കൊല്ലംജില്ല എന്ന
വിലാസത്തിൽ

| | |
|---|---|
| ഗുരുകുലത്തിൽ | ഏററുമാനൂർ സോമദാസൻ |
| കേരളസർവ്വകലാശാലാനിയമത്തിന്റെ ഭാവി | പ്രൊ: സി. കെ. ശിവരാമപിള്ള |
| ഗാന്ധിജി: പുതിയ കാഴ്ചപ്പാടിൽ | ഡാ: കെ. പി. കരുണാകരൻ |
| The Teacher as model | K. C. Abraham M. A. B. T. |
| വയോജനവിദ്യാഭ്യാസവും കോളേജ് അദ്ധ്യാപകരും | പി. ടി. ഭാസ്കരപ്പണിക്കർ |
| അറുപതിനുശേഷം ജീവിതം ആരംഭിക്കുന്നു | മൂർക്കോത്തു കുഞ്ഞപ്പ |
| Association News: Memorandum of association. | |

AKPCTA

Quarterly



Editorial Advisory Committee

Panampilly Govinda Menon
P. T. Bhaskara Panicker
N. V. Krishna Wariar
K. M. Cherian
Joseph Mundassery

*Chief Editor:*
G. Sankara Pillai

*Office:*
Saraswathi Mandiram
Sasthamcottah
Quilon Dt.

*Managing Committee:*

G Sankara Pillai
V. R. Subramaniam
C Z. Scariah
C. A. Sheppard
R. Ramachandran Nair
C. K. Sivarama Pillai
I. G. Bhaskara Panicker
K. P. Sebastian
N. Rajasekharan Nair

ഭരണഘടനയുടെ ശരശയ്യയിൽ
കിടന്ന് പിടഞ്ഞുമരിച്ച വകു
പ്പുകളിലൂടെ അദ്ധ്യാപകന്
എന്തെല്ലാം നഷ്ടപ്പെട്ടു!

**കേരള സർവ്വകലാശാലാ**
**നിയമത്തിൻെറ ഭാവി**

പ്രൊ: സി. കെ. ശിവരാമപിള്ള

കേരളാ യൂണിവേഴ്സിററി ആക്ടിൻെറ നിയമസാധുത്വം പരിശോധിക്കുന്നതിൽ ഹൈക്കോടതി അവലംബിച്ച പൊതു മാനദണ്ഡവും അതുപയോഗിച്ചുള്ള വിവിധ വകുപ്പുകളുടെ വിലയിരുത്തലും മനസ്സിലാക്കുന്നതിന് ഭരണഘടനാപരമായ ഒരു സാമാന്യധാരണ സഹായകമാകുമെന്നു കരുതി ബന്ധപ്പെട്ട ഭരണഘടനാവകുപ്പുകൾ താഴെ ചേർക്കുന്നു.

<u>ആർട്ടിക്കിൾ–12.</u> മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളം മററു തരത്തിൽ വ്യക്തമാക്കുന്നില്ലെങ്കിൽ, കേന്ദ്രസർക്കാരും പാർലമെൻറും സംസ്ഥാനസർക്കാരുകളും നിയമസഭകളും ഇൻഡ്യയ്ക്കുള്ളിലുള്ളതോ കേന്ദ്രസർക്കാരിൻെറ നിയന്ത്രണത്തിലുള്ളതോ ആയ പ്രാദേശികവും അല്ലാത്തതുമായ സ്ഥാപനങ്ങളും (authorities) 'സ്റ്റേററ്' എന്നതിലുൾപ്പെടുന്നു.

<u>ആർട്ടിക്കിൾ–13 (2)</u> 'സ്റ്റേററ്' ഉണ്ടാക്കുന്ന ഒരു നിയമവും മൗലികാവകാശങ്ങളെ എടുത്തുകളയുന്നതോ വെട്ടിക്കുറയ്ക്കുന്നതോ ആയിക്കൂടാത്തതും മൗലികാവകാശങ്ങളെ ബാധിക്കുന്നിടത്തോളം അത്തരം നിയമങ്ങൾ അസാധുവായിരിക്കുന്നതുമാകുന്നു.

<u>ആർട്ടിക്കിൾ–14</u> ഇൻഡ്യയ്ക്കുള്ളിൽ 'സ്റ്റേററ്' യാതൊരുവനും നിയമത്തിൻെറ മുമ്പിൽ തുല്യതയോ തുല്യമായ നിയമസംരക്ഷണമോ നിഷേധിച്ചുകൂടാത്തതാകുന്നു.

ങ്ങൾ സ്വത്തവകാശത്തെത്തന്നെ ബാധിക്കുന്നതും ആർട്ടിക്കിൾ 19 (1) (f) നെ ലംഘിക്കുന്നതുമാണ്. അല്ലെങ്കിൽ ഈ ലംഘനത്തിന് ആർട്ടിക്കിൾ 19 (5)ൻെറ പിൻബലമുണ്ടായിരിക്കണം. ആക്ടിൻെറ എട്ടാംഅദ്ധ്യായത്തിൽ മാനേജുമെൻറുകളുടെ മേലുള്ള നിയന്ത്രണങ്ങൾ ഒരു പട്ടികവർഗ്ഗത്തിൻേറയും താല്പര്യസംരക്ഷണവുമായി ബന്ധപ്പെട്ടതല്ലല്ലോ! 'എൻെറ സ്വത്ത് എൻെറ ഭരണം' എന്ന തത്വം ഉയർത്തിപ്പിടിക്കാൻ വേണ്ടിയാണ് ഭരണഘടനയിൽ ആർട്ടിക്കിൾ 19 (1) (f)ന് സ്ഥാനം കൊടുത്തത്. അല്ലെങ്കിൽ, ഒരു നിശ്ചിതകാലത്തേക്കുള്ള ഭരണമേറെറടുക്കലിന്, ആർട്ടിക്കിൾ 19 ൻെറ ആക്രമണം ഒഴിവാക്കിക്കൊണ്ട് പിൽക്കാലപ്രാബല്യത്തോടെ സാധൂകരണം നൽകാൻ 1955–ലെ നാലാംഭേദഗതിയിലൂടെ ആർട്ടിക്കിൾ 31 A (1) (b) കൊണ്ടുവരേണ്ടിയില്ലായിരുന്നു. താൽക്കാലികമായ ഭരണമേറെറടുക്കലിന് നഷ്ടപരിഹാരവ്യവസ്ഥയുടേയോ രാഷ്ട്രപതിയുടെ അംഗീകാരത്തിൻേറയോ സഹായമില്ലാതെ നിലനില്ക്കാൻ കഴിയുന്നതല്ല.

എല്ലാ മാനേജുമെൻറുകൾക്കും ആർട്ടിക്കിൾ 19 (1) (f) ൻെറ മറവിൽ രക്ഷപെടാൻ കഴിയുന്നതല്ല. പൗരന്മാർക്കുമാത്രമുള്ള പ്രസ്തുത സംരക്ഷണം കമ്പനി നിയമപ്രകാരം പ്രവർത്തിക്കുന്ന മാനേജുമെൻറുകൾക്ക് ലഭിക്കുകയില്ല. കമ്പനിനിയമത്തിനുപകരം സൊസൈററീസ് രജിസ്ട്രേഷൻനിയമം സ്വീകരിക്കാനുള്ള ദീർഘവീക്ഷണമുണ്ടായിരുന്നെങ്കിൽ അവർക്കും രക്ഷപ്പെടാമായിരുന്നു. ഇപ്പോഴത്തെ നിലയിൽ എൻ. എസ്. എസ്. കാളേജുകൾ, എസ്. ഡി. കാളേജ്, ശങ്കരാകോളേജ്, യു. സി. കോളേജ് എന്നിവയ്ക്ക് ആർട്ടിക്കിൾ 19 ൻെറ പരിരക്ഷ അവകാശപ്പെട്ടുകൂടാ. വിദ്യാഭ്യാസത്തേക്കാൾ മതപരമായ കാര്യങ്ങൾക്ക് ബാധകമായ ആർട്ടിക്കിൾ 26 എടുത്ത് എൻ. എസ്. എസ്. ഒന്നു പ്രയോഗിച്ചുനോക്കിയെങ്കിലും ആ 'പ്രയോഗം' ഫലിച്ചില്ല. പക്ഷേ എൻ. എസ്. എസ്. വിദ്യാലയങ്ങൾ സ്ഥാപിച്ചതും നടത്തുന്നതും നായർസമുദായത്തിനുവേണ്ടി മാത്രമാണെന്നെങ്ങാനും കോടതിക്ക് ബോദ്ധ്യപ്പെട്ടു പോയിരുന്നെങ്കിൽ 'പ്രയോഗം' ഫലിക്കുകതന്നെ ചെയ്യുമായിരുന്നു.

ആർട്ടിക്കിൾ 19 ൻെറ മുമ്പിൽ പൗരന്മാരും അല്ലാത്തവരുമായി രണ്ടുതരംമാനേജുമെൻറുകൾ ഉള്ളതുപോലെ ആർട്ടി

ക്കിൾ 30 (1) ന്യൂനപക്ഷമെന്നും ഭൂരിപക്ഷമെന്നും മാനേജ്മെൻറുകളെ തരംതിരിക്കുന്ന 1958–ൽ കേരളവിദ്യാഭ്യാസനിയമത്തിൻെറ സാധുത്വം പരിശോധിച്ച സുപ്രീംകോടതി ആർട്ടിക്കിൾ 30 (1) ൻെറ വ്യാപ്തിയെപ്പററി പറയാനുള്ളതൊക്കെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. പള്ളികൾക്കും മററു ന്യൂനപക്ഷമതസ്ഥാപനങ്ങൾക്കുംവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിച്ച് നടത്തുന്നമതാദ്ധ്യക്ഷന്മാർ അതാതു വിഭാഗത്തിൻെറ പ്രതിനിധികളും സ്വയം ന്യൂനപക്ഷാവകാശമുള്ളവരുമാണ്. ഇത്തരം വിദ്യാലയങ്ങൾ ന്യൂനപക്ഷവിദ്യാലയങ്ങളാണോ എന്നു സംശയമുള്ളവർ ഭരണഘടനയിൽ ആർട്ടിക്കിൾ 26, 30 എന്നിവ ചേർത്തതെന്തിനാണെന്ന് ചിന്തിക്കണം. ഇപ്പോൾ ലണ്ടൻ ചർച്ച് മിഷനറി സൊസൈററി നടത്തുന്ന, ബിഹാറിലെ ഒരു സ്കൂളിന് ആർട്ടിക്കിൾ 30 (1) ൻെറ പ്രയോജനം കൊടുക്കാൻ, അതു സ്ഥാപിച്ചത് സ്ഥലത്തെ ക്രിസ്ത്യാനികളായിരുന്നു എന്ന് സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു കരുതി വിദ്യാലയങ്ങൾ ന്യൂനപക്ഷവിദ്യാലയങ്ങളാകണമെങ്കിൽ ബന്ധപ്പെട്ട സമുദായാംഗങ്ങൾ സംഭാവന നൽകിയും മററും അവ സ്ഥാപിക്കുന്നതിൽ പങ്കു വഹിച്ചതായി തെളിയിക്കണമെന്നു ശഠിക്കുന്നതു് ശരിയല്ല. അതുപോലെ യൂണിവേഴ്സിററിയോട്ട് അഫിലിയേററു ചെയ്തുകഴിഞ്ഞാൽ വിദ്യാലയങ്ങളുടെ ന്യൂനപക്ഷസ്വഭാവം നഷ്ടപ്പെടുമെന്ന് പറയുന്നതും ന്യൂനപക്ഷങ്ങളെ അളക്കാൻ പ്രാദേശികാടിസ്ഥാനം സ്വീകരിക്കുന്നതും യുക്തിക്കും നീതിക്കും നിരക്കുന്നതല്ല. ഇങ്ങനെ കമ്പനി ഒഴിച്ചുള്ള ഭൂരിപക്ഷമാനേജുമെൻറുകൾക്ക് ആർട്ടിക്കിൾ 19 (1) (f) ൻെറ മാത്രം പരിരക്ഷ ലഭിക്കുമ്പോൾ ന്യൂനപക്ഷമാനേജുമെൻറുകൾക്ക് ആർട്ടിക്കിൾ 30 (1), 19 (1), (f), എന്നീ രണ്ടിൻേറയും സംരക്ഷണം ലഭിക്കാനവകാശമുണ്ട്.

**രക്തസാക്ഷികളായ വകുപ്പുകൾ**

മാനേജിംഗ് ബോഡിയെ സംബന്ധിക്കുന്ന 48, 49 എന്നീ വകുപ്പുകൾ സ്വത്തിൻെറ ഭരണാവകാശം, എഡ്യൂക്കേഷൻ ഏജൻസിയിൽനിന്ന് ഭിന്നവും വ്യക്തമായ നിയമസ്വഭാവമുള്ളതുമായ മറെറാരു കോർപ്പറേഷനിലേക്ക് മാററുന്നു എന്ന വാദം കോടതിക്ക് സ്വീകാര്യമായില്ല. സ്ഥാപനങ്ങളുടെ നല്ലനടത്തിപ്പിനാവശ്യമായ ചില നിയന്ത്രണങ്ങൾക്കു വിധേയമായി യഥാർത്ഥ ഭരണാവകാശം എഡ്യൂക്കേ

ഷനൽ ഏജൻസിയിൽതന്നെ നിക്ഷിപ്തമാണെന്ന് ഊന്നിപ്പറ
യുകയും ചെയ്തു. യൂണിവേഴ്സിററിയുടെയും ഗവണ്മെൻറി
ൻെറയും അദ്ധ്യാപകരുടേയും പ്രതിനിധികൾ മാനേജിംഗ്
ബോഡിയിലുണ്ടായിരിക്കുന്നത് സ്ഥാപനങ്ങളുടെ ഉത്തമതാല്പ
ര്യത്തിന് ഉതകുമെന്നതിനു പുറമേ "Malpractices such as
the taking of premia from teachers and students for ap-
pointments and admissions, favouritism in appointments
and promotions of teachers are likely to be eradicated in
the set up prescribed by the Act" എന്ന ഗവണ്മെൻറുവാദം
വും കോടതി സ്വീകരിച്ചു. എന്നാൽ എഡ്യൂക്കേഷനൽ ഏജൻ
സിയുടെ നോമിനികൾക്ക് സ്വതന്ത്രമായ വിവേചനാധികാ
രമില്ലാത്തിനാൽ അവരുടെ കാലാവധി നിശ്ചയിക്കുന്ന 4–ാം
ഉപവകുപ്പും അവരെ മാററുന്നതു സംബന്ധിച്ച 6–ാം ഉപവ
കുപ്പും എ. ഏജൻസിയുടെ ഭരണാധികാരം ഹനിക്കുന്നു.
നാലു കൊല്ലത്തെ കാലാവധി തെരഞ്ഞെടുക്കപ്പെടുന്നവർക്ക്
മാത്രമേ ബാധകമാക്കാവൂ. അതായത് സ്വന്തം 'സ്വനഗ്രാഹി'
കളെ 'ആക്കാനും അഴിക്കാനും' ഉള്ള അവകാശം എഡ്യൂക്കേ
ഷൻ ഏജൻസിക്കു നൽകിയില്ലെങ്കിൽ ആർട്ടിക്കിൾ 19 (1)
(f) ലംഘിക്കപ്പെടുമെന്നർത്ഥം. മാനേജിംഗ് ബോഡിയെ,
റിട്ടിൻെറ പരിധിയിൽ കൊണ്ടുവരാൻവേണ്ടി കോർപ്പറേററ്
സ്വഭാവത്തിൽ പൊതിയുന്ന 2–ാം ഉപവകുപ്പും നിലനില്ക്കു
ന്നതല്ല! വേണമെങ്കിൽ എഡ്യൂക്കേഷനൽ ഏജൻസിയെ
ത്തന്നെ സ്റ്റാച്യൂട്ടറി ബോഡിയാക്കാമായിരുന്നല്ലോ! മാനേ
ജിംഗ് ബോഡിക്കു് കോടതി നൽകുന്ന നിർദ്ദേശങ്ങൾ എഡ്യൂ
ക്കേഷനൽ ഏജൻസിക്ക് ബാധകമല്ല. അപ്പോൾ സ്വന്തമാ
യി സ്വത്തോ വിധിനടത്തിനു ബാദ്ധ്യസ്ഥനം വിധേയനുമായ
വ്യക്തിയോ ഇല്ലാത്ത മാനേജിംഗ്ബോഡിയെ റിട്ടിനു വിധേ
യമാക്കിയാൽതന്നെ യാതൊരു പ്രയോജനവും ഉണ്ടാകാനില്ല.
റിട്ട് നിലനില്ക്കുകയും അതുകൊണ്ടുദ്ദേശിക്കുന്ന ഫലം കിട്ടുക
യും വേണമെങ്കിൽ അതു് കോളേജിൻെറ യഥാർത്ഥ ഉടമയ്ക്കു്
ബാധകമാകണം. കോർപ്പറേററ് വ്യക്തിത്വം ധരിച്ച് മാനേ
ജിംഗ്ബോഡി കാളേജിൻെറ ഉടമയായാൽ ഉദ്ദിഷ്ടഫലം
കിട്ടും. പക്ഷേ ആർട്ടിക്കിൾ 19 (1) (f) ഭരണഘടനയിൽ
നിന്നു മാററുകകൂടി വേണം. മാനേജിംഗ്ബോഡിയെ ഉടമ
യാക്കുന്ന യാതൊരു 'ദുരുദ്ദേശവും' തങ്ങൾക്കില്ലെന്ന് ഗവ

മൈനറ് ആണായിട്ടു പറയുന്നു. പിന്നെന്തിന് അവയെ കോർപ്പറേറ്റ് മൂടുപടം അണിയിക്കണം? തന്നെയുമല്ല ഒരിക്കൽ ഈ മൂടുപടം ധരിച്ചാൽ പിന്നെ കമ്പനികൾക്കുള്ള പരാധീനത പാവപ്പെട്ട ന്യൂനപക്ഷങ്ങൾക്കും വന്നുകൂടും. മൂടുപടം പൊക്കിനോക്കുന്നതു് നിയമവിരുദ്ധവുമാണ്: ചുരുക്കത്തിൽ പ്രഥമദൃഷ്ട്യാ അർത്ഥശൂന്യമായ ഈ രണ്ടാം ഉപവകുപ്പിന് അർത്ഥമുണ്ടാക്കിയാൽ ആർട്ടിക്കിൾ 30 (1) 19 (1) (f) എന്നിവയ്ക്ക് അനർത്ഥമുണ്ടാകും. മാനേജിംഗ്ബോഡിയുടെ വിഷപ്പല്ലായ ഈ ഉപവകുപ്പ് പറിച്ചുകളഞ്ഞാൽപിന്നെ അതു കൊത്തുമെന്ന് എ. ഏജൻസിക്കു ഭയപ്പെടാനില്ല. കാപ്പറേറ്റ് സ്വഭാവംപോയ ഇവൻ ശാന്തനും വിവേകശാലിയും രാധാകൃഷ്ണൻകമ്മീഷനും മററും ശുപാർശചെയ്തതായി കോടതിയുടെ ശ്രദ്ധയിൽപെട്ടിട്ടുള്ളതുപോലെ സാക്ഷാൽ 'ഉപദേശി'യുമായിരിക്കും.

മാനേജർനിയമനം സംബന്ധിച്ച 50–ാം വകുപ്പിൽ ഒരു ചെറിയ പിശകുണ്ട്. എക്സ് ഒഫിഷ്യോ സ്വഭാവമുള്ള ഈ മാനേജരുടെ ഉദ്യോഗകാലാവധി നിശ്ചയിക്കുന്നതു് എ. ഏജൻസി ആയിരിക്കണം. അതുപോലെ എ. ഏജൻസിക്കു വേണ്ടിയും എതിരായും ഉള്ള കേസ്സുകളിൽ ഈ മാനേജർക്ക് നിയമാധിഷ്ഠിതപ്രാതിനിധ്യം കൊടുക്കുന്നതു് ഒരു ലീഗൽ ഏജൻറിനെ അടിച്ചേല്പിക്കുന്നതും അതുകൊണ്ട് ഭരണാവകാശം ലംഘിക്കുന്നതുമാണ്. ഇതിനൊക്കെ പുറമേ ഈ ഉപവകുപ്പ് അർത്ഥശൂന്യവുമാണ്. കാരണം മാനേജരുടെ കീഴിലുള്ള കാളേജ് നിയമാധിഷ്ഠിതബോഡിയോ വ്യക്തിയോ അല്ല. ഈ ആക്ടിൽ അങ്ങനെ ആക്കാനുള്ള ഒരു ശ്രമവുമില്ല. കാളേജിന് സ്വന്തമായി സ്വത്തില്ല. ഉള്ളതെല്ലാം വിദ്യാഭ്യാസഏജൻസിയുടെ വകയാണ്. തന്മൂലം മാനേജർക്ക് എതിരായി കോടതി പുറപ്പെടുവിക്കുന്ന ഡിക്രിക്ക് യാതൊരു വിലയും ഉണ്ടായിരിക്കുകയില്ല.

അദ്ധ്യാപകനിയമനം ശിക്ഷണനടപടി തുടങ്ങിയ സേവനവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വകുപ്പുകളുടെ പരിഗണനയിൽ 'സംതൃപ്തമായ അദ്ധ്യാപകവർഗ്ഗം' എന്ന തത്വം ഒട്ടൊക്കെ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു തോന്നുന്നു. എങ്കിലും പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച 53–ാം വകുപ്പി

ന്റെ 1, 2, 3 എന്നീ ഉപവകുപ്പുകൾ വെട്ടിക്കളയപ്പെട്ട പത്രാണി V. കേശവൻ കേസിൽ ഹെഡ്മാസ്റ്റർക്ക് കിട്ടിയ സുന്ദരൻ വാദങ്ങളുടെ കിരീടം ഇവിടെ പ്രിൻസിപ്പലന്മാർക്കും ലഭിച്ചു. എസ്റ്റാബ്ലിഷ്മെന്റിന്റെ മാത്രം ജീവിച്ചുപോകുന്ന നമ്മുടെ പല പ്രിൻസിപ്പൽമാർക്കും ഇതുകൊണ്ട് രോമാഞ്ചത്തോടൊപ്പം മനഃസമാധാനക്കേടും ഉണ്ടായിക്കാണണം, പ്രിൻസിപ്പൽമാരുടെ യോഗ്യത പരിധിയും എന്നിവ നിശ്ചയിക്കാം; അതിനപ്പുറത്തേക്ക് പോയാൽ ആർട്ടിക്കിൾ 30 (1) 19 (1) (f) എന്നിവയുടെ പൊള്ളലേൽപ്പും! പ്രിൻസിപ്പലായിട്ട് ഈ ഭ്രമമുള്ളതിലേക്കും പരമയോഗ്യനെ കിട്ടുകയായിരിക്കണം ലക്ഷ്യം. പക്ഷേ ഈ ലക്ഷ്യം സാധിക്കാനുള്ള ബാദ്ധ്യതയും സത്യത്തിൽ സാധിച്ചോ എന്നു നോക്കാനുള്ള അവകാശവും ഏ. ഏജൻസിയുടേതാണ്. ഇവിടെ അദ്ധ്യാപകതാല്പര്യം സ്ഥാപനത്തിന്റെ നന്മയ്ക്ക് (?) വഴി മാറിക്കൊടുക്കണം. 'ഇറക്കുമതി' നിരോധിക്കണമെന്നു പറഞ്ഞാൽ അതു് ഒന്നാംതരം പദവിയെ നിർജ്ജീവമായ ഇടത്തരത്തിലേക്കു് (dull mediocrity) തള്ളിവിടുകയായിരിക്കും. "A provision by which an outsider is to be appointed or a junior member of the staff preferred to a senior member, only if he is of superior merit, the assessment of which must largely be left to the management is understandable." ക്വാളിറ്റിയാണ് പ്രശ്നം! പക്ഷേ ക്വാളിറ്റി കൺട്രോളർ സാക്ഷാൽ മാനേജ്മെന്റുമാത്രം! പ്രിൻസിപ്പലിന്റേയോ വെറും അദ്ധ്യാപകന്റേയോ നിയമനം യൂണിവേഴ്സിറ്റി അംഗീകരിക്കുക എന്നു പറഞ്ഞാൽ നിശ്ചിതയോഗ്യതയുണ്ടോ എന്ന് നോക്കുക മാത്രമാണ്. അതായത് ഒരു പ്രത്യേക നിയമനംമൂലം മററാരുടെ എങ്കിലും ന്യായമായ അവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ടോ എന്ന് യൂണിവേഴ്സിറ്റി നോക്കിയാൽ ആർട്ടിക്കിൾ 30 (i) 19 (1) (f) എന്നിവയുടെ 'മൂന്നാംകണ്ണ്' തുറക്കുമെന്നർത്ഥം. പക്ഷേ നേരത്തെ പറയപ്പെട്ട വിദ്യാഭ്യാസ കമ്പനികൾക്ക് ഈ കണ്ണില്ല. മററു മാനേജ്മെന്റുകളെ സംബന്ധിച്ചിടത്തോളം പ്രിൻസിപ്പലായി ഏററവും നല്ല 'പുള്ളിയെ' എടുക്കാനുള്ള ഉപദേശസ്വഭാവം മാത്രമുള്ള ഒരു വിദഗ്ദ്ധകമ്മററിയോ മററോ ഉണ്ടെങ്കിലും കഷ്ടിച്ചു സഹിക്കാം. യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തെപ്പററി പറയുന്ന

5-ാം ഉപവകുപ്പിന് വലിയ അർത്ഥമൊന്നുമില്ല. പ്രൊഫസർ നിയമനം സംബന്ധിച്ച 7-ാം ഉപവകുപ്പ് ബുദ്ധിപൂർവ്വമായ ഒരു നടപടിയാണെന്നു തോന്നുന്നില്ല. പ്രൊമോഷൻ എന്നു പറയുന്നതു് ഒരു പഴഞ്ചൻ പരിപാടിയാണ്! എങ്കിലും ഇക്കാര്യത്തിൽ ഇന്ന് നിലവിലിരിക്കുന്ന അഴിമതികളും സ്വജനപക്ഷപാതവും കണ്ടില്ലെന്നു നടിക്കാൻ കോടതിക്കു സാദ്ധ്യമല്ല. അതുകൊണ്ടു് കഷ്ടിച്ച് അതു സമ്മതിച്ചിരിക്കുന്നു! പക്ഷേ ഇതിന്മേൽ അപ്പീലവകാശം നൽകുന്ന 9-ാംഉപവകുപ്പ് അസാധുവാണ്. ഒന്നാമതു് അപ്പീൽ കേൾക്കുന്ന സിൻഡിക്കേറ്റ് അതിനുപറ്റിയ കൂട്ടരല്ല. രണ്ടാമതു് അപ്പീലവകാശം ഇന്നത്തെ രൂപത്തിൽ ഭരണാവകാശധ്വംസനമാണ്. സീനിയാറിററിം കം ഫിററ്നസ്” എന്നു പറഞ്ഞാൽ അതു് ഉത്തരപദത്തിനും പൂർവ്വപദത്തിനും തുല്യപ്രാധാന്യമുള്ള സമാസമാണ്. അതുകൊണ്ടു് 'ഫിററ്നസ്' പോരെന്നു മാനേജുമെൻറിനു തോന്നിയാൽ 'ഇറക്കമതി' നടത്താം. ഭരണഘടനയുള്ളിടത്തോളം കാലം ഇതിനെ ചോദ്യംചെയ്യാൻ ആർക്കും സാദ്ധ്യമല്ല.

പ്രൊബേഷനെ സംബന്ധിച്ച 55-ാംവകുപ്പ് തികച്ചും ശരിയാണ്. (മേൽപറഞ്ഞതൊക്കെ ശരിയാണെങ്കിൽ ഇക്കാര്യത്തിൽ സുപ്രീംകോടതി എന്തു പറയുമെന്നു കണ്ടറിയണം) പ്രൊബേഷൻ കഴിഞ്ഞു് ഒരു മാസം തികഞ്ഞാലും പിന്നെയും സംശയത്തിൻെറ 'ഡെമോക്ലിയൻവാൾ' അദ്ധ്യാപകൻെറ തലയിൽ തൂങ്ങുന്നതു് അപലപനീയമാണ്. ഇതിലുംഅത്ഭുതകരമായ സന്തോഷമുണ്ടാക്കുന്നതു് ഇതിലെ 7-ാം ഉപവകുപ്പിലുള്ള അപ്പീൽ നിലനിർത്തിയതാണ്. പക്ഷേ വൈസ് ചാൻസലർക്ക് ഇതിനൊക്കെ സമയമുണ്ടാകുമോ, അദ്ദേഹത്തിൻെറ വിലയേറിയ സമയം ഇതിനൊക്കെ വിനിയോഗിക്കാനുള്ളതാണോ എന്നൊക്കെ കോടതിക്കു സംശയമുണ്ടു്. മാനേജുമെൻറുകൾ പ്രൊബേഷൻകാരോടു് നീതിരഹിതമായി പെരുമാറി വൈസ്ചാൻസലർക്ക് ജോലിക്കൂടുതലുണ്ടാക്കുമെന്നാണോ കോടതി ഉദ്ദേശിക്കുന്നതെന്നു് അറിയാൻ നിവൃത്തിയില്ല. പ്രൊബേഷൻ തീരുന്നതിനുമുമ്പേ അദ്ധ്യാപകനെ പിരിച്ചുവിടുന്നതിൽ കോടതിക്കു് യോജിപ്പില്ല. കൊള്ളരുതാത്ത അദ്ധ്യാപകൻെറ കാര്യത്തിൽ, തെളിയിക്കപ്പെട്ട കൊള്ളരുതായ്മ ശിക്ഷണനടപടിക്കു് മതിയായ കാരണമായതുകൊണ്ടു് പ്രൊബേ

ഷൻകാലം തീരുന്നതുവരെ അയാളെ സഹിക്കേണ്ടിവരുന്ന 'അത്യാഹിതം' ഉണ്ടാവുകയുമില്ല. ഒരുവർഷത്തിനുശേഷം പ്രൊബേഷൻ ദീർഘിപ്പിക്കുന്ന വ്യവസ്ഥ ഇപ്പോഴത്തെ രൂപത്തിൽ അദ്ധ്യാപകന് ദോഷകരമാണെന്നാണ് കോടതിയുടെ അഭിപ്രായം.

56-ാംവകുപ്പിൽ അദ്ധ്യാപകന്റെ വിവിധ സ്ഥാനമാനങ്ങൾക്ക് വൈസ്ചാൻസലറുടെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാക്കുന്ന 2-ാംഉപവകുപ്പ് സ്ഥാപനത്തിന്റെ നന്മ, ശിക്ഷണം പൊതുതാല്പര്യം എന്നിവയുമായി ഒരുവിധത്തിലും പൊരുത്തപ്പെടുന്നില്ല. 4-ാംഉപവകുപ്പിൽ അപ്പീലവകാശമുള്ളപ്പോൾ ഈ മുൻ അനുവാദമെന്തിന്? അപ്പീലവകാശം തത്വത്തിൽ സ്വീകാര്യമാണെങ്കിലും സിൻഡിക്കേറ്റിന് വച്ചിരിക്കുന്നതുമൂലം അസാധുവാണ്. (സിൻഡിക്കേറ്റ്! നീ ശപിക്കപ്പെട്ടതാകുന്നു.) ഭരണാവകാശത്തിലുള്ള നീതിരഹിതമായ കൈകടത്തലാണ് പ്രധാന പ്രശ്നം. ജുഡീഷ്യലോ അർദ്ധജുഡീഷ്യലോ ആയ ഒരു ബോഡിക്കുപകരം പതിനേഴ് അംഗങ്ങളുള്ള, അദ്ധ്യാപകർകൂടി ഉൾപ്പെട്ട ഒരു വലിയ ബോഡിയായ സിൻഡിക്കേറ്റിന്, വിശേഷിച്ചും അതു് പല ചരടുവലികൾക്കും അദ്ധ്യാപകരുടെതന്നെ സമ്മർദ്ദത്തിനും വിധേയമാകാനിടയുള്ളതുകൊണ്ട്, അപ്പീലധികാരം നൽകുന്നതു് ശരിയല്ല. വല്ലപ്പോഴുമൊരിക്കൽ കൂടുന്ന സിൻഡിക്കേറ്റിനു് ന്യായമായ സമയത്തിനുള്ളിൽ അപ്പീൽ കേട്ടു തീരുമാനിക്കാൻ കഴിയുമെന്നും തോന്നുന്നില്ല. അപ്പീലിൽ 'സ്റ്റേ' എന്ന അധികാരവും അന്തർഭവിച്ചിരിക്കുന്നതുകൊണ്ട് വേഗം പുറത്താക്കേണ്ട അദ്ധ്യാപകൻ അനിശ്ചിതകാലത്തേക്ക് സർവ്വീസിൽ തുടരാൻ ഇടയാകും. അർദ്ധജുഡീഷ്യൽ സ്വഭാവമുള്ള അപ്പീൽ എന്ന പ്രക്രിയ നിയമപരമായ പുനഃപരിശോധനയ്ക്കു് വിധേയംകൂടി ആകയാൽ അതിനുപറ്റിയ തീർപ്പുകൾ ഉണ്ടാക്കാൻ സിൻഡിക്കേറ്റിനു സാധിക്കുകയില്ല. കേരള വിദ്യാഭ്യാസനിയമത്തിൽ ഇതുപോലൊരു വകുപ്പുണ്ടെങ്കിലും താല്ക്കാലികമായും അർദ്ധമനസ്സോടുംകൂടിയാണ് സുപ്രീംകോടതി അതനുവദിച്ചതു്. മാത്രമല്ല, അവിടെ അപ്പീലവകാശം ഇല്ലെന്നും ഓർക്കണം.

അദ്ധ്യാപകനു് രാഷ്ട്രീയാവകാശം നൽകുന്ന 58-ാം വകുപ്പ് അപകടകാരിയാണു്. മാനേജ്മെന്റിന്റെ ഹിതം

എന്തായിരുന്നാലും അദ്ധ്യാപകനായി തുടർന്നുകൊണ്ടുതന്നെ 'രാഷ്ട്ര സേവനം' നടത്താമെന്നും പാർലമെൻററായാലും നിയമസഭകളായാലും 'സെഷൻ' ഉള്ളപ്പോൾമാത്രം രാഷ്ട്രീയാദ്ധ്യാപകൻ ലീവെടുത്താൽ മതിയെന്നും, ചോദിച്ചാൽ മാനേജ്മെൻറ് ലിവ് കൊടുത്തുകൊള്ളണമെന്നും മററും വ്യവസ്ഥ ചെയ്യുന്ന ഈ വകുപ്പ് ഒരു ഉഗ്രമായ ശല്യമാണത്രേ! അദ്ധ്യാപകൻെറ പൗരാവകാശങ്ങളെയും രാഷ്ട്രീയത്തിലൂടെ സാമൂഹ്യരംഗത്ത് അയാൾക്കുണ്ടാക്കാൻ കഴിയുന്ന ഉജ്ജ്വലമായ ചലനങ്ങളേയുംപററി വാദിക്കുന്ന കോത്താരികമ്മീഷൻ പോലും തിരഞ്ഞെടുപ്പുഘട്ടത്തിൽ ആദ്യംമുതൽതന്നെ അയാൾ ലീവിൽ പോകണമെന്നും പൊതുപ്രവത്തനം അദ്ധ്യാപകവൃത്തിയെ ബാധിക്കരുതെന്നുമാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. പക്ഷേ 58-ാം വകുപ്പിൻെറ ഗുണം അനുഭവിക്കുന്ന അദ്ധ്യാപകൻ കോളേജിന്ന് ഉപയോഗശൂന്യനും മാനേജ്മെൻറിന്ന് പാഴ്ച്ചിലവുണ്ടാക്കുന്നവനുമാണ്. "With due respects to the views of experts in the field of Education the politician teacher can hardly be an asset to a College. On the other hand he can be a great evil for, he would tend to involve the pupils in his own politics and to assume a self-importance subversive of discipline." ശേഷം ചിന്ത്യം!!

63-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം സ്വകാര്യകാളേജുകളുടെ പൊതുസ്വഭാവംവച്ചു നോക്കുമ്പോൾ അതിൽ പറയപ്പെടുന്ന അടിയന്തിരഘട്ടത്തിൽ സൽഭരണം ഉറപ്പുവരുത്താൻ മാനേജ്മെൻറിലൊരു മാററം ആവശ്യമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. പക്ഷേ താൽക്കാലികമായ ഭരണമേറെടുക്കലിനുപോലും ഭരണഘടനപ്രകാരം നഷ്ടപരിഹാരം വഴങ്ങിക്കൊടുക്കേണ്ടതില്ല. യൂണിവേഴ്സിററി ഒരു 'സ്റ്റേററ്' ആയതുകൊണ്ടും 63-ാം വകുപ്പ് സ്വത്തിൻെറ കൈവശാവകാശം 'സ്റ്റേററി'ന്ന് കൈമാററം ചെയ്യുന്നതുകൊണ്ടും നഷ്ടപരിഹാരം കൂടാതെയുള്ള നിർബ്ബന്ധപൂർവ്വമായ ആവശ്യപ്പെടൽ ആർട്ടിക്കിൾ 31 (2)-നെ ലംഘിക്കുന്നു. രാഷ്ട്രപതിയുടെ അംഗീകാരമുണ്ടായിരുന്നെങ്കിൽ ആർട്ടിക്കിൾ 31 A (1) (b)-യുടെ സംരക്ഷണംമൂലം ഇത്ത് ന്യൂനപക്ഷമൊഴിച്ചുള്ള മാനേജ്മെൻറുകൾക്ക് ബാധകമായേനെ.

യൂണി: ആക്ടിന് ആർട്ടിക്കിൾ 14–ൻെറ ശക്തിയായ ആക്രമണം നേരിടേണ്ടിവന്നെങ്കിലും മിക്കവാറും അമ്പുകൾ ഉന്നംപിഴച്ചുപോയി. ഇക്കാര്യത്തിൽ ശ്രദ്ധേയമായ സംഗതികളിൽ ഒന്ന് ന്യായമായ സമയപരിധിക്കുള്ളിൽ, കേരളാ യൂണി: ആക്ടിലെ സാധുവായ വകുപ്പുകൾക്ക് തുല്യമായ വകുപ്പുകളോടെ കോഴിക്കോട്ട് യൂണി: ആക്ട് ഉണ്ടായില്ലെങ്കിൽ ആർട്ടിക്കിൾ 14 ലംഘിക്കപ്പെട്ടുമെന്നുള്ളതാണ്. രണ്ടാമതായി ന്യൂനപക്ഷം, ഭൂരിപക്ഷം, പൗരാവകാശം ഉള്ളവർ, അതില്ലാത്തവർ എന്നെല്ലാം മാനേജ്മെൻറുകളെ തരംതിരിക്കുന്നതിലടങ്ങിയിരിക്കുന്ന വിവേചനം ഭരണഘടനാലംഘനമല്ലെന്നും മറിച്ച് ഭരണഘടനപ്രകാരം ആവശ്യമാണെന്നും ഉള്ളതാണ്. ഈ വിവേചനത്തെപ്പററിഉന്നയിക്കുന്ന ആക്ഷേപം "is virtually an invitation to strike down articles 19 and 30 (I) for offending article 14" എന്നാണ് കോടതിയുടെ ഖണ്ഡിതമായ അഭിപ്രായം.

**ചില സംശയങ്ങൾ**

ഭരണഘടനയുടെ ശരശയ്യയിൽകിടന്ന് പിടഞ്ഞുമരിച്ച വകുപ്പുകളിലൂടെ അദ്ധ്യാപകന് എന്തെല്ലാം നഷ്ടപ്പെട്ടു? ഏററവും വലിയ നഷ്ടങ്ങൾ മാനേജിംഗ് ബോഡിയുടെ സ്ററാച്ച്യൂട്ടറി സ്വഭാവം അദ്ധ്യാപകൻെറ അപ്പീലവകാശം അടിയന്തിരഘട്ടത്തിൽ താൽക്കാലികമായി ഭരണമേൽക്കാനുള്ള യൂണിവേഴ്സിററിയുടെ അവകാശം ഇവ വെട്ടിക്കളഞ്ഞതാണ്. ഇപ്പോഴത്തെ സ്ഥിതി എഡ്യൂക്കേഷൻ ഏജൻസിയോ മാനേജിംഗ്ബോഡിയോ കാളേജോ സ്ററാച്ച്യൂട്ടറി അല്ലാത്തതുകൊണ്ട് ആർട്ടിക്കൾ 226 അനുസരിച്ച് റിട്ടിനു വിധേയമല്ലെന്നതാണ്. എഡ്യൂക്കേഷനൽ ഏജൻസിയെത്തന്നെ സ്ററാച്ചൂട്ടറിആക്കിക്കളയാമെന്നാണെങ്കിൽ അതിൽനിന്ന് മറെറാരു കേസ്സ് ആവിർഭവിക്കുമെന്നും അതിനെ ന്യൂനപക്ഷങ്ങൾ പല്ലും നഖവുമുപയോഗിച്ചെതിർക്കുമെന്ന് ബാരിസ്റ്റർ എ. കെ. സെൻ വ്യക്തമാക്കിയിട്ടുണ്ട്. മാനേജിംഗ് ബോഡിയെ കോർപ്പറേറവ് മൂടുപടം അണിയിക്കാൻ പാടില്ലെങ്കിൽ ന്യൂനപക്ഷ എഡ്യൂക്കേഷൻ ഏജൻസിയെ എങ്ങിനെ അതിനുള്ളിലാക്കാം? മാനേജിംഗ്ബോഡിക്കെതിരായി റിട്ട് നിലനിന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന്. വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ

‘ചെകുത്താനും കടലിനുമിടയ്ക്കു’ എന്ന സ്ഥിതിയാണുള്ളതു്. ഭരണാവകാശം അന്യനമായി നിൽക്കണമെങ്കിൽ എഡ്യുക്കേഷനൽ ഏജൻസിക്കു് മാനേജിംഗ്ബോഡിയോടു്, ഒരു വിധേയത്വവും ഉണ്ടായിരിക്കരുതു്: ഈ ‘ഉത്തരവാദിത്വമില്ലായ്മ’യുടെ അർത്ഥം നിയമനം ശിക്ഷണനടപടി എന്നീ കാര്യത്തിൽ എഡ്യുക്കേഷനൽ ഏജൻസിയുടെ ചെയ്തികളെപ്പററി ചർച്ചചെയ്യാൻപോലും മാനേജിംഗ് ബോഡിക്കു് അർഹത ഇല്ലെന്നല്ലേ? മാനേജിംഗ്ബോഡി മീററിംഗിന്റെ അജണ്ടയിൽ ഇത്തരം പ്രശ്നങ്ങൾ കൊണ്ടുവരുന്നതിനെത്തന്നെ എഡ്യുക്കേഷനൽ ഏജൻസിക്കു് നിരോധിക്കാം. അപ്പോൾ ഗവണ്മെൻറു് അവകാശപ്പെട്ടതുപോലെയും കോടതി പ്രതീക്ഷിച്ചതു പോലെയും പഗഡി സ്വജനപക്ഷപാതം മുതലായ അഴിമതികളെ എങ്ങനെ ഫലപ്രദമായി തടയാൻ സാധിക്കും? ചുരുക്കത്തിൽ എഡ്യുക്കേഷനൽ ഏജൻസിക്കു് കേൾക്കാൻ മനസ്സുണ്ടെങ്കിൽ, ഉള്ളപ്പോൾ ഉപദേശിക്കുകയല്ലാതെ മററൊരു ജോലിയും മാനേജിംഗ്ബോഡിക്കു് ഇല്ലെന്നു വരുന്നു. കാളേജുകാര്യങ്ങളുടെ നടത്തിപ്പിൽ പങ്കില്ലാത്ത, സ്വന്തമായി ഒന്നുമില്ലാത്ത, യഥാർത്ഥത്തിൽ ഫലശൂന്യമായ ഈ അജാഗളസ്തനം എന്തിനുവേണ്ടി? സിൻഡിക്കേററിന്റെ അപ്പീലധികാരകാര്യത്തിലും, നിയമം അറിയാത്തതുകൊണ്ടാവാം, ചില സംശയങ്ങൾ തോന്നുന്നു. പതിനേഴു് അംഗങ്ങൾ വലിയൊരു ബോഡിയാകുമെങ്കിൽ പണ്ടു് പ്രിവി കൗൺസിലിനു് ഉണ്ടായിരുന്നതും ഇപ്പോൾ മുനിസിപ്പൽകൗൺസിലുകൾക്കുള്ളതുമായ അപ്പീലധികാരവും അസാധുവാകണമല്ലോ? ഇതു രണ്ടിനേക്കാളും വലിയ ബോഡിയല്ലല്ലോ സിൻഡിക്കേററു്! അദ്ധ്യാപകപ്രതിനിധികൾക്കൂടിയുള്ള സിൻഡിക്കേററു് അദ്ധ്യാപകസമ്മർദ്ദത്തിനു് ഇരയാകുമെങ്കിൽ പഞ്ചായത്തു്, മുനിസിപ്പാലിററി, നിയമസഭ, പാർലമെൻറു് എന്നീ ജനാധിപത്യബോഡികളെല്ലാം എപ്പോഴും സമ്മർദ്ദത്തിനു വഴങ്ങിക്കൊണ്ടും തന്മൂലം നിയമവിരുദ്ധമായും ആകണമല്ലോ പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു്! ഉദാഹരണത്തിനു് വോട്ടറായ ഒരു പൗരൻ കെട്ടിടനികുതി തൊഴിൽക്കരം ഇവയിൽ കമ്മീഷണറുടെ അസസ്മെൻറിനെതിരായി അപ്പീൽ ബോധിപ്പിക്കുന്നതു് അയാൾ തെരഞ്ഞെടുത്ത കൗൺസിലർക്കൂടിയുള്ള മുനിസിപ്പൽകൗൺസിലിനല്ലേ? അവിടെ സമ്മർദ്ദത്തിന്റെ പ്രശ്നം

വരികയില്ലേ? അക്ഷരം അറിയാത്ത കൗൺസിലറന്മാർപോലും കൂടിയാണ് ഈ അർദ്ധജുഡീഷ്യൽ ജോലി നടത്തുന്നത്. ഇതിന്റെ തീർപ്പ് കോടതിയുടെ പുനഃപരിശോധനയ്ക്ക് പറ്റിയ വിധത്തിലാകാമെങ്കിൽ സിൻഡിക്കേറ്റിന്റെ അപ്പീൽതീർപ്പിന് 'അന്തിമത്വം' കല്പിക്കാമോ? എല്ലാം കോടതികൾക്ക് വിധേയമായിരിക്കെ സിൻഡിക്കേറ്റ് തെറ്റു ചെയ്യും എന്നൊരു മുൻധാരണ ന്യായീകരിക്കാമോ? സിൻഡിക്കേറ്റിന്റെ അപ്പീലധികാരം അനാവശ്യവും അനാരോഗ്യകരവുമായ കാലതാമസം ഉണ്ടാക്കുമെന്നാണെങ്കിൽ കോടതികേറുന്നവന്റെ ഗതി എന്തെന്ന് അനുഭവസ്ഥർക്കറിയാം. കേരള വിദ്യാഭ്യാസനിയമത്തിൽ ഇത്തരം അപ്പീൽവ്യവസ്ഥയില്ലാത്തതുകൊണ്ടാണ് 'മുൻ അനുവാദവ്യവസ്ഥ' നിലനിന്നതെന്ന് ചൂണ്ടിക്കാണിച്ച സ്ഥിതിക്ക് അപ്പീലവകാശം വെട്ടിക്കളയുമ്പോൾ വൈസ്ചാൻസലറുടെ 'മുൻ അനുവാദവ്യവസ്ഥ' എങ്കിലും നിലനിർത്താമായിരുന്നില്ലേ? നിയമബോധവും സേവനസ്ഥിരതയുമില്ലാത്ത അദ്ധ്യാപകന് ഇതിലൊക്കെ ജനാധിപത്യത്തോടുള്ള വെറുപ്പ് ജുഡീഷ്യറിയുടെ സർവ്വേശ്വരത്വം അപ്രമാദിത്വം മുതലായ ചിലതാണ് പ്രതിഫലിക്കുന്നതെന്ന് തോന്നിയാൽ വിവരമുള്ളവർ സദയം ക്ഷമിക്കണം. പ്രിൻസിപ്പൽ നിയമനക്കാര്യത്തിൽ മാനേജ്മെന്റിനെ മാത്രം 'ക്വാളിറ്റി കൺട്രോളർ' ആക്കിയാൽ കൈമണിക്കാർക്ക് മാത്രമല്ലേ സ്ഥാനമുണ്ടാകൂ? പ്രൊഫസ്സർ നിയമനക്കാര്യത്തിലുണ്ടെന്ന് ബോദ്ധ്യപ്പെട്ട അഴിമതികൾ ഇക്കാര്യത്തിലും കൊടികുത്തി വാഴുകയില്ലേ? ഇത് സ്ഥാപനത്തിന്റെ നന്മയ്ക്ക് ഉപകരിക്കുമോ? യൂണിവേഴ്സിറ്റി നിശ്ചയിച്ച മിനിമം യോഗ്യത ഇല്ലാത്തവരല്ലേ ഇപ്പോൾ പല പ്രിൻസിപ്പലന്മാരും? പ്രിൻസിപ്പൽ നിയമനത്തിൽ ഉന്നതമാനദണ്ഡങ്ങൾ പുലത്തിയിട്ടുണ്ടോ, കൂടുതൽ അർഹതയുള്ള മററാരുടെ എങ്കിലും ന്യായമായ അവകാശം ധ്വംസിക്കപ്പെട്ടിട്ടുണ്ടോ എന്നുകൂടി നോക്കാനുള്ള അവസരം 'അംഗീകാരം' എന്ന ആശയത്തിൽ ഉൾക്കൊള്ളിക്കുന്നതുകൊണ്ട് സ്ഥാപനത്തിനു ദോഷമുണ്ടാകുമോ? മുൻപറഞ്ഞ പത്രോണി V കേശവൻ കേസിൽ കേരള ഹൈക്കോടതി വിധിപ്രകാരം ന്യൂനപക്ഷങ്ങൾക്കു മാത്രമല്ലേ സീനിയോറിറ്റിയും മററും നോക്കാതെ ഇഷ്ടംപോലെ ഹെഡ്മാസ്റ്ററെ നിയമിക്കാനുള്ള അവകാശം നൽകപ്പെട്ടിട്ടുള്ളൂ?

ഇപ്പോൾ ഈ അവകാശം കമ്പനികൾക്കൊഴികെ മററെല്ലാവർക്കും അതേ കോടതി നൽകിയത്ത് അന്ന് ഭരണഘടനയിൽ ആർട്ടിക്കിൾ 19 (1) (f) ഇല്ലാതിതിരുന്നതുകൊണ്ടാണോ? 63-ാം വകുപ്പിന്റെ രക്തസാക്ഷിത്വത്തിൽ വേദിച്ചിട്ട കാര്യമില്ല. അതിന്ന നേരത്തേതന്നെ മരണക്കേടിന്റെ അസുഖമുണ്ടായിരുന്നു. വിദ്യാഭ്യാസനിയമത്തിൽ സുപ്രീംകോടതിയുടെ തീർപ്പു അനുസരിച്ച് അതിൽനിന്ന് ന്യൂനപക്ഷങ്ങളെ ഒഴിവാക്കി രാഷ്ട്രപതിയുടെ അംഗീകാരം തേടാമായിരുന്നു.

ഇൻഡ്യൻ ഭരണഘടനയിലെ ചില വകുപ്പുകൾ അദ്ധ്യാപകന്റെ ഉത്തമതാല്പര്യത്തിന് പ്രതിബന്ധമാണെന്ന സത്യം ഇരിക്കെതന്നെ യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചു മുമ്പോട്ടു പോകുന്നതാണ് ബുദ്ധി. കേരളത്തിലെ ഭൂരിഭാഗം സ്വകാര്യകോളേജദ്ധ്യാപകർക്കും ഇന്ന് റിട്ടുമായി ഹൈക്കോടതിയെ ശരണംപ്രാപിക്കാൻ കാളേജുകളുടെ പൊതുസ്വഭാവം എന്ന ദുർബ്ബലവും സംശയാസ്പദവുമായ പഴുതുമാത്രമേ ഉള്ളൂ. അങ്ങനെ ആക്ടിന്റെ അടിത്തറതന്നെ തകന്നിരിക്കുന്ന സാഹചര്യത്തിൽ അദ്ധ്യാപകനും മാനേജുമെൻറിനുമിടയിൽ ഗവണ്മെൻറിനെ കൊണ്ടുവരികയാണ് ഏക രക്ഷാമാർഗ്ഗം. സർക്കാർ നേരിട്ടു ശമ്പളം നൽകുന്ന നയം സ്കൂൾ അദ്ധ്യാപകരുടെ കാര്യത്തിലെന്നപോലെ കാളേജദ്ധ്യാപകരുടെ കാര്യത്തിലും നടപ്പാക്കാൻ ഇനി വൈകിച്ചുകൂടാ. ഇഷ്ടമില്ലാത്ത മാനേജുമെൻറുകളെ ഇതിന്ന നിർബ്ബന്ധിക്കണമെന്നില്ല. ഇതൊരു ഭാഗ്യമായി കരുതുന്ന പല മാനേജുമെൻറുകളുമുണ്ടെന്നതാണു സത്യം. സുപ്രീംകോടതി ഒരു തീർപ്പു കല്പിക്കുന്നതുവരെ ഇതിന്ന കാത്തിരിക്കേണ്ടതില്ല. യൂണിവേഴ്സിററിബോഡികളിലേയ്ക്കു് നോമിനേഷനനടത്താൻ ഓർഡിനൻസുമൂലം ആക്ട് ഭേദഗതി ചെയ്തതുപോലെ ഇതും നടപ്പാക്കാവുന്നതാണ്. മററാവശ്യമായ ഭേദഗതികൾ സുപ്രീംകോടതിയുടെ വിധിക്കുശേഷം പരിഗണിക്കാം. അടിയന്തിരമായി ചിന്തിക്കേണ്ടതു് മുൻപറഞ്ഞ ലക്ഷ്യത്തിലെത്താൻ പ്രൈവററ്കാളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ കർമ്മപരിപാടിയിലുള്ള ഭേദഗതിയെപ്പററിയാണ്.

ഗാന്ധിയും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും, ആശയങ്ങളും പുതിയ കാഴ്ചപ്പാടുകളിലൂടെ പഠിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾമാത്രമേ, ആ മഹാത്മാവിനെക്കുറിച്ച് ഉചിതമായ വിലയിരുത്തൽ നമുക്ക് സാധ്യമാകൂ.

# ഗാന്ധിജി: പുതിയ കാഴ്ചപ്പാടുകൾ

ഡോ: കെ. പി. കരുണാകരൻ

ഗാന്ധിജിയുടെ പ്രവർത്തനത്തേയും അദ്ദേഹത്തിന്റെ സന്ദേശങ്ങളെയുംപോലെ അടുത്തകാലത്ത് സാമൂഹ്യശാസ്ത്രജ്ഞന്മാരെ കുഴക്കിയിട്ടുള്ള വിഷയങ്ങൾ ചുരുക്കമാണ്. അത്രയും വാദകോലാഹലങ്ങൾ ഉയർത്തിവിട്ടിട്ടുള്ള വിഷയങ്ങളും അധികമല്ല. ഒരുപക്ഷേ ഇതിൽ അത്ഭുതപ്പെടാനില്ല; കാരണം, സാമൂഹ്യവ്യവസ്ഥയിലെ പരിവർത്തനങ്ങളോടും രാഷ്ട്രീയരംഗത്തെ അടിക്കടിയുള്ള സംഭവവികാസങ്ങളോടും ചുവടൊപ്പിച്ചു പോകാൻ പ്രായേണ സാമൂഹ്യശാസ്ത്രജ്ഞന്മാർക്ക് കഴിയുന്നില്ല. ഇരുപതാം നൂറ്റാണ്ടിൽ, രാഷ്ട്രീയപ്രഭാവത്തിന്റെ കാര്യത്തിൽ ഗാന്ധിജിയോട് തുല്യരോ ഗാന്ധിജിയെ അതിശയിക്കുന്നവരോ ആയിട്ട് ലെനിനും മാവോവും മാത്രമേയുള്ളു. തന്നെയല്ല, ലെനിനും മാവോവും സ്പർശിച്ചിട്ടില്ലാത്ത മറ്റെത്രയോ മണ്ഡലങ്ങളിൽ ഗാന്ധിജി തന്റെ മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്! തങ്ങൾക്ക് പരിചിതമായൊരു ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നു ചിന്തിക്കുകയെന്നതാണ്, നിയമേന, സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ ശീലം. ഗാന്ധിജിയെപ്പോലെ മൗലികവും സങ്കീർണ്ണവുമായ ഒരു വ്യക്തിത്വമാകട്ടെ, സ്ഥാപിതമായ ഒരു ചട്ടക്കൂട്ടിനുള്ളിൽ സാധാരണ ഒതുങ്ങിക്കൊള്ളുകയുമില്ല. അതുകൊണ്ടാണ് ഗാന്ധിജിയെ സംബന്ധിച്ച വിഷയങ്ങൾ വിജയകരമായി കൈകാര്യംചെയ്യാൻ അവർക്ക് കഴിയാതെപോയത്.

പിന്നെ, ഗാന്ധിജിയുടെ വിവാദവിഷയമായ ജീവിതം സൃഷ്ടിച്ചിട്ടുള്ള പ്രശ്നങ്ങൾ ഉണ്ട്. വളരെക്കുറച്ചുപേർക്കേ ഗാന്ധിജിയെക്കുറിച്ച് നിഷ്പക്ഷരും നിശ്ശങ്കരും ആയിരിക്കാൻ കഴിഞ്ഞിട്ടുള്ളു. അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിക്കുകയോ നിരാകരിക്കുകയോ, രണ്ടിലൊന്നു ചെയ്യാതെ നമുക്കു നിവൃത്തിയില്ലെന്നു തോന്നുന്നു. അദ്ദേഹം ജീവിച്ചിരിക്കെ അദ്ദേഹത്തെക്കുറിച്ച് ഇന്ത്യയിൽ എഴുതപ്പെട്ട പല ഗ്രന്ഥങ്ങളും ശാസ്ത്രീയമോ വസ്തുനിഷ്ഠമോ ആകാതിരുന്നതിന്റെ ഒരു കാരണം ഇതത്രെ. തന്റെ എതിരാളികളായ ബ്രിട്ടീഷ്സർക്കാരും അവരുടെ പ്രതിനിധികളും മാത്രമല്ല, ഇന്ത്യ സ്വതന്ത്രമാകണമെന്നു മോഹിച്ചിരുന്നുവെങ്കിലും മാനസികമായി പടിഞ്ഞാറൻ പ്രത്യയശാസ്ത്രങ്ങൾക്ക് അടിമപ്പെട്ടിരുന്ന സ്വന്തം നാട്ടുകാരും, ഗാന്ധിജിയെ തീവ്രമായി എതിർക്കുകയും വിമർശിക്കുകയും ചെയ്തിരുന്നു. ഒരുവശത്തു് ഇക്കൂട്ടരോട് സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും മണ്ഡലങ്ങളിൽ കഠിനയുദ്ധം ചെയ്യേതന്നെ, ഗാന്ധിജിക്ക് മറുവശത്തു് ഇന്ത്യയുടെ ഹൈന്ദവപൂർവ്വകാലത്തിന്റെ തിരിച്ചുവരവും സമ്പൂർണ്ണമായ പാശ്ചാത്യനിരാസവും ആഗ്രഹിച്ചിരുന്നവർക്കെതിരേയും സമരം ചെയ്യേണ്ടിവന്നു. ഭാരതീയദേശീയപ്രസ്ഥാനത്തിന്റെ നേതാവ് എന്ന നിലയ്ക്ക് സ്വാതന്ത്ര്യസമരത്തിന്നുള്ള ഒരു പ്രവർത്തനപദ്ധതി ആവിഷ്കരിക്കേണ്ട ഭാരം ഗാന്ധിജിക്കായിരുന്നു. ഒപ്പംതന്നെ, അദ്ദേഹത്തിന്ന് അഹിംസയുടെ പ്രവാചകനായി വർത്തിക്കയും ലോകമാകെ ആ സന്ദേശം പ്രചരിപ്പിക്കയും ചെയ്യേണ്ടിയിരുന്നു. ഈ മഹാകർത്തവ്യങ്ങളുടെ സംയോജനം ഗാന്ധിജിയെ ഒരു അപൂർവ്വ ദാർശനികനും അനന്യനേതാവുമാക്കിത്തീർത്തു.

ഇന്ത്യയ്ക്കുള്ളിലും വിവിധരംഗങ്ങളിൽ അദ്ദേഹം പല കർമ്മങ്ങൾ നിർവ്വഹിച്ചിരുന്നു. ഹൈന്ദവ യാഥാസ്ഥിതികത്വത്തിനും മതഭ്രാന്തിന്നുമെതിരേ അദ്ദേഹത്തിന്ന് പടവെട്ടേണ്ടിവന്നു. ഒരു ഹിന്ദുമതപരിഷ്കർത്താവും സാമൂഹ്യപരിഷ്കർത്താവുമെന്ന നിലയ്ക്കാണ് ആദ്ദേഹമതു നിർവ്വഹിച്ചതു്. കാരണം, കാര്യനിർവ്വഹണത്തിന്നുള്ള ഒരേയൊരു സമർത്ഥമായ മാർഗ്ഗം അതായിരുന്നു. എന്നാൽ ഭാരതത്തിന്റെ രാഷ്ട്രീയനേതാവെന്ന നിലയിൽ വിവിധമതാനുയായികളുടെയും ശ്രദ്ധയെ അദ്ദേഹത്തിന്ന് ആകർഷിക്കേണ്ടതുണ്ടായിരുന്നു. ഈ രണ്ടു പ്രവർത്തനവിധങ്ങൾ തമ്മിൽ യാതൊരു വൈരുദ്ധ്യവും ഇല്ലായിരു

നുവെങ്കിലും, ഗാന്ധിജിയിലെ മതപരിഷ്കർത്താവും, രാഷ്ട്രീയ നേതാവും തമ്മിൽ വൈരുദ്ധ്യങ്ങളുള്ളതായി, കുറഞ്ഞപക്ഷം ചില പൊരുത്തക്കേടെങ്കിലും ഉള്ളതായി, ഒരു തോന്നൽ ഉളവാക്കിയിരുന്നു. ഗാന്ധിജിയുടെ ചില രാഷ്ട്രീയശൈലികളും പ്രവർത്തനരീതികളും ഹൈന്ദവജനതയുടെ മേൽ ഉഗ്രമായ സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ ഇതേ കാര്യങ്ങൾ തന്നെ മുസ്ലീങ്ങളെ ഗാന്ധിജിക്കെതിരാക്കുകയോ മനസാ അകററുകയോ ചെയ്തിട്ടുണ്ട്.

ഈ വക വിവിധങ്ങളും സങ്കീർണ്ണങ്ങളുമായ പ്രവർത്തനങ്ങൾ ഗാന്ധിജിയെ, ജിജ്ഞാസുക്കൾക്ക് പററിയൊരു ആകർഷകപഠനമണ്ഡലമാക്കി മാററിയിരിക്കയാണ്. എന്നാൽ ഇതേ കാര്യങ്ങൾ പഠനത്തെ അത്രതന്നെ ദുഷ്കരവുമാക്കിത്തീർക്കുന്നുണ്ട്.

വേറൊരു ഉദാഹരണം നോക്കാം: നാട്ടിലെ ഫ്യൂഡലിസത്തിനും വിദേശസാമ്രാജ്യവാഴ്ചയ്ക്കുമെതിരായുള്ള ഇന്ത്യൻ ബൂർഷ്വാസിയുടെ സമരത്തിൽ, അതിന്റെ നേതാവായിരുന്നു ഗാന്ധിജി. എന്നാലും, അദ്ദേഹം നഗരങ്ങളിലെ തൊഴിലാളികൾക്കും നാട്ടുമ്പുറത്തെ നിസ്വരായ കൃഷീവലന്മാർക്കും എതിരല്ലായിരുന്നു. പലേ പരിമിതരംഗങ്ങളിലും അദ്ദേഹം അവരെ സഹായിക്കുകപോലും ചെയ്തിട്ടുണ്ട്. പക്ഷേ, നാടൻ മുതലാളിത്തത്തിന്റെ വളർച്ചയ്ക്കുവേണ്ടി, ചെയ്തേടത്തോളമെങ്കിലും, അദ്ദേഹം അവർക്കുവേണ്ടി ഒരു തത്വശാസ്ത്രമോ, ചിട്ടപ്പെടുത്തിയൊരു കർമ്മപദ്ധതിയോ ആവിഷ്കരിച്ചിട്ടില്ല. താന ഇൻഡ്യൻ സോഷ്യലിസത്തിന്റെ ഒരു പ്രത്യയശാസ്ത്രകാരനല്ല എന്നുള്ള വസ്തുത, ഗാന്ധിജിയെ ഒരിക്കലും ഒരു പിന്തിരിപ്പനാക്കുന്നില്ല എന്നതാണ് ശ്രദ്ധേയം. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ഇരുപതുവർഷം കഴിഞ്ഞിട്ടും ഇന്നും, ഇന്ത്യയെ സോഷ്യലിസ്റ്റ് രീതിയിൽ പുനഃസംവിധാനം ചെയ്യാനുകെല്പും വ്യക്തമായി ചിന്തിക്കുവാൻ കഴിവും ഉള്ള ഒരു അഖിലേന്ത്യാ നേതാവ് ആവിർഭവിച്ചിട്ടില്ല. ഇതിന്റെയർത്ഥം, ക്രിയാത്മകമായ നേതൃത്വം നൽകാൻ പ്രാപ്തനായ ഒരു അഖിലേന്ത്യാ സോഷ്യലിസ്റ്റ് ചിന്തകന്റെ ആവിർഭാവത്തെ സഹായിക്കുന്ന മാർഗ്ഗത്തിലല്ലാ ഇന്ത്യയിലെ സാമൂഹ്യരാഷ്ട്രീയശക്തികൾ നീങ്ങിയിട്ടുള്ളത് എന്നാകുന്നു. താൻ ജീവിച്ചിരുന്ന കാലഘട്ടം അനു

വദിക്കില്ലായിരുന്ന ഒരു കൃത്യം ചെയ്യാതിരുന്നതിന്റെ പേരിൽ ഗാന്ധിജിയെ നാം കുറ്റപ്പെടുത്തിക്കൂടാ.

എന്നാൽ ഇതിൽനിന്ന് മറ്റൊന്നുകൂടി തെളിയുന്നു. ഇന്ത്യയുടെ ഇന്നത്തെയും നാളത്തെയും സമസ്തപ്രശ്നങ്ങൾക്കും പരിഹാരങ്ങൾ കൈവശമുള്ള നേതാവും ചിന്തകനും ആയി ഗാന്ധിജി വാഴ്ത്തപ്പെടുന്നതും ശരിയല്ല. ഗാന്ധിസത്തെ ഒരു മതമോ സിദ്ധാന്തമോ ആക്കി മാററരുത്. ഗാന്ധിജിക്ക് പരിമിതികൾ ഉണ്ടായിരുന്നു. അദ്ദേഹം സ്വയം സമ്മതിച്ചിട്ടുള്ളതുപോലെ, താൻ തെററുകൾ ചെയ്തുപോയിട്ടുണ്ട്. ഹൈന്ദവ യാഥാസ്ഥിതികത്വത്തെ തകർക്കുന്നതിൽ അദ്ദേഹം കൈവരിച്ച വമ്പിച്ച വിജയത്തിന്റെ ഭാഗികമായ ഒരു കാരണം, താൻ ഹിന്ദുമതത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന തോന്നൽ ഉളവാക്കിയിരുന്നതാണ്. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഹിന്ദുക്കളുടെ ഇടയിൽ ഒരു മഹർഷിയായി പ്രത്യക്ഷപ്പെട്ടതുകൊണ്ടാണ് ഗാന്ധിജിക്ക് അതു് സാദ്ധ്യമായതു്. രാഷ്ട്രീയനേതാവായ സുരേന്ദ്രനാഥബാനർജി ശ്രീ ചൈതന്യമഹർഷിയെക്കുറിച്ച് പറഞ്ഞ ഈ വാക്കുകൾ ഗാന്ധിജിക്കും യോജിക്കും—"മതപരമായ പരിഗണനയുമായി കെട്ടുപിണയാത്ത ഒരു സാമൂഹ്യപ്രശ്നം ഹിന്ദുസമുദായത്തെ ബാധിക്കുകയെന്നതു് നിങ്ങൾക്ക് ആലോചിക്കവയ്യ. ഒരു സാമൂഹ്യാചാരത്തിന്ന് അനുകൂലമായി ഏതെങ്കിലും തരത്തിലുള്ള അനുമതി കിട്ടിക്കഴിഞ്ഞാൽ അതു് ജനഹൃദയങ്ങളിൽ രൂഢമൂലമായിത്തീരുന്നതു് യുക്തിയിലേറെ വികാരങ്ങളിൽ വേരൂന്നിക്കൊണ്ടായിരിക്കും. അതായതു് ഇന്ത്യയിലെ സാമൂഹ്യപരിഷ്കർത്താവിന്ന് നേരിടേണ്ട ശക്തികൾ അദ്ധ്യൈവിക സ്വഭാവമുണ്ടെന്നു വിശ്വസിക്കപ്പെടുന്നവയും, സാമാന്യബുദ്ധിയുടെയും നയത്തിന്റേതുമായ സാധാരണ ലൗകികായുധങ്ങളുടെ മുമ്പിൽ അക്ഷുണ്ണങ്ങളെന്നു കരുതപ്പെടുന്നവയുമാണ്. തലമുറകളിലൂടെ പകർന്നുവന്നിട്ടുള്ള ഈ വികാരത്തിന്ന് രൂഢമൂലമായ സഹജാവബോധത്തിന്റെ ഛായ കൈവന്നിരിക്കുന്നു. പാരമ്പര്യബോധത്തിന്മേൽ പടുത്തുയർത്തിയതും മതവിശ്വാസംകൊ

ണ്ടു് ഉറപ്പിച്ചതുമായ ഒരു സാമൂഹ്യപ്രാകാരത്തിന്നെതിരേയാണു് ഇന്ത്യയിലെ സാമൂഹ്യപരിഷ്കർത്താവിന്നു് പൊരുതേണ്ടിയിരുന്നതു്. എന്നിട്ടും ശ്രീ ചൈതന്യനെപ്പോലെ ചുരുക്കം ചിലർക്കു് ചിലപ്പോഴെങ്കിലും കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ടു് എന്ന വസ്തുത അദ്ദേഹത്തിന്റെ ശക്തവും ആജ്ഞാകരവുമായ വ്യക്തിത്വത്തെ വിളിച്ചോതുകമാത്രമല്ല, യഥാർത്ഥമഹത്വത്തെ ആദരിക്കുന്ന ഇന്ത്യൻജനതയുടെ മനോഭാവത്തിന്നു് സാക്ഷ്യംവഹിക്കയും ചെയ്യുന്നുണ്ടു്....... സ്വാഗ്ഗീയമായ ദീപ്തിപ്രളയത്തിന്നുനടുവിൽ ധർമ്മസന്ദേശം പ്രചരിപ്പിച്ചുകൊണ്ടു മുമ്പിൽ നില്ക്കുന്ന ദൈവജ്ഞനായ അദ്ദേഹത്തിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിൽ, സാമൂഹ്യാചാരങ്ങൾക്കുണ്ടെന്നു പറയപ്പെടുന്ന ഈശ്വരദത്തമായ പരിവേഷം മങ്ങിപ്പോകുകയാണു്. വിശ്വാസികൾ അവിടെ കീഴടങ്ങുന്നു; സർവ്വസാധകമായ ഊർജ്ജസ്വലതയാൽ അവർ പ്രഭാവിതരായിത്തീരുന്നു. പഴമയെ തിരസ്കരിച്ചും പുതുമയെ നയിച്ചും കൊണ്ടുള്ള മഹാസന്ദേശവുമായി വരുന്ന ഒരു അവതാരപുരുഷനെയാണു് ജനങ്ങൾ അദ്ദേഹത്തിൽ കാണുന്നതു്. യാതൊരു ആചാരത്തിന്റെയും ദാസനല്ല അദ്ദേഹം; എല്ലാ നിയമങ്ങൾക്കും അതീതനാണുതാനും. തന്നിലുള്ള സത്യത്തെ കണ്ടറിഞ്ഞ വെളിപാടിനാൽ പ്രചോദിതനായി അദ്ദേഹം അരുളുന്ന വാക്കുകളാകട്ടെ, ഹൃദയത്തെ സ്പർശിക്കുന്നതും ഭാവനയെ തട്ടിയുണർത്തുന്നതുമായിരിക്കും ഗാന്ധിജിയെയും, ലക്ഷക്കണക്കിനുള്ള ഹൈന്ദവജനത ഈശ്വരന്റെ ഒരു അവതാരമായിട്ടാണു് കണക്കാക്കിയിരുന്നതു്. എന്നാൽ ഗാന്ധിജിയുടെ ഈ അവതാരപരിവേഷം ഇന്ത്യൻ മുസ്ലീങ്ങളെ ഒട്ടുംതന്നെ ആകർഷിച്ചില്ല. ഹിന്ദുക്കളുടെ മതസാമൂഹ്യപരിഷ്ക്കരണങ്ങളിൽമാത്രം ഗാന്ധിജിയുടെ ശ്രദ്ധ ഒതുങ്ങിനിന്നിരുന്നുവെങ്കിൽ, ഇതുകൊണ്ടു് യാതൊരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഗാന്ധിജി വിദേശാധിപത്യത്തിന്നെതിരേയുള്ള ഇന്ത്യൻ ദേശീയസമരത്തിന്റെ അത്യുന്നത നേതാവുകൂടി ആയിരുന്നതുകൊണ്ടു്, അദ്ദേഹത്തിന്റെ പ്രവർത്തനത്തിലെ ഈ രണ്ടു തലങ്ങൾ—ഒന്നു ഹിന്ദുക്കളുടെമേൽ ഭീമമായ സ്വാധീനം ചെലുത്തുന്നതും,

മററൊത്ത് മുസ്ലീങ്ങളിൽ എതിർപ്പും മടുപ്പും ഉളവാക്കുന്നതും- വളരെയേറെ പ്രശ്നങ്ങളെ സൃഷ്ടിച്ചു. മതസാമൂഹ്യപരിഷ്കർത്താവായ ഗാന്ധിജിയെയും രാഷ്ട്രീയനേതാവായ ഗാന്ധിജിയെയും പരിപൂർണ്ണമായും വേർതിരിക്കാൻ പ്രയാസമായിരുന്നു. മതസാമൂഹ്യപരിഷ്കർത്താവിൻെറയും രാഷ്ട്രീയനേതാവിൻെറയും ധർമ്മങ്ങൾ ഗാന്ധിജി തന്നിൽ ലയിപ്പിച്ചതുകൊണ്ട് ഉളവായ ഈ കുഴപ്പം, താൻ വർഗ്ഗീയതയുടെ വിരോധിയായിരുന്നുവെന്ന സത്യംകൊണ്ടും പരിഹൃതമായില്ല. ഒരുവേള, ഗാന്ധിജി ജീവിച്ചിരുന്ന ആ സാഹചര്യത്തിൽ ഇതു് അനിവാര്യമായിരുന്നിരിക്കാം. എങ്കിലും നമുക്ക് അതിനെ വിമർശനദൃഷ്ട്യാ പരിശോധിക്കാതെയിരിക്കാൻ കാരണമൊന്നുമില്ല. അത്തരമൊരു സൂക്ഷ്മ പരിശോധന നമ്മെ കൂടുതൽ പ്രശ്നങ്ങളിലേക്ക് നയിച്ചുവെന്നുവരാം. ഗാന്ധിജിയുടെ ജീവിതകാലത്തു് പ്രസ്തുത വിഭിന്ന ധർമ്മങ്ങൾ രണ്ടും ഒരാളിൽ സമ്മേളിക്കുന്നതിന്നു് സഹായകമായിരുന്ന പരിതോവസ്ഥകൾ ഏതെല്ലാമാണു്? അവ എത്രത്തോളം ഇന്ത്യൻ സമുദായത്തിലിന്നും നിലനില്ക്കുന്നുണ്ടു്? അവ ഇന്ത്യയിൽ ഇപ്പോഴില്ലെന്നുവരികിൽ, മതത്തിൻെറയും രാഷ്ട്രീയത്തിൻെറയും ഈ കൂട്ടിക്കുഴച്ചിൽ എത്രവേഗം നാം ഉപേക്ഷിക്കേണ്ടതുണ്ടു്? ഈ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ കാൽവയ്പുകൾ എപ്രകാരമായിരിക്കണം?

സ്വദേശി, വിദേശവസ്ത്രബഹിഷ്കരണം, വിപുല വ്യവസായീകരണത്തോടുള്ള എതിർപ്പു്, ഗ്രാമോദ്യോഗങ്ങളുടെയും കുടിൽവ്യവസായങ്ങളുടെയും പ്രോത്സാഹനം തുടങ്ങിയവയോടു ബന്ധപ്പെട്ടുള്ള ഗാന്ധിജിയുടെ സാമ്പത്തികപദ്ധതിക്ക് വ്യക്തമായും രാഷ്ട്രീയമായ ഒരു അടിസ്ഥാനം ഉണ്ടു്. ഇവിടെയും, അദ്ദേഹത്തിൻെറ ചില ആശയങ്ങൾ ഇന്ത്യൻസാഹചര്യത്തിലിന്നും പ്രസക്തിയുള്ളവയാണു്. എന്നാൽ കാലഹരണപ്പെട്ട ആശയങ്ങളും അക്കൂട്ടത്തിലുണ്ടു്. അദ്ദേഹത്തിൻെറ സാമ്പത്തികതത്വശാസ്ത്രത്തിൻെറ ചില വശങ്ങൾ, അവ രൂപംകൊണ്ട കാലത്തുപോലും അസാധുവായിരുന്നിരിക്കാം. ഇവിടെയും ഒരു നിഷ്കൃഷ്ടപരിശോധനകൊണ്ടുമാത്രമേ ഗാന്ധിയൻ

ദർശനത്തിന്റെ വിവിധവശങ്ങളുടെ പ്രസക്തിയും അപ്രസക്തിയും വെളിപ്പെടുകയുള്ളൂ.

ഗാന്ധിജിയും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും, ആശയങ്ങളും പുതിയ കാഴ്ചപ്പാടുകളിലൂടെ പഠിക്കപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾമാത്രമേ, ആ മഹാത്മാവിനെക്കുറിച്ച് ഉചിതമായൊരു വിലയിരുത്തൽ നമുക്ക് സാദ്ധ്യമാകൂ.

ഇന്ത്യയിൽ വികാരവശഗമായ എഴുത്തുപണി ഇനിയും നിലച്ച മട്ടില്ല. പുറനാടുകളിൽ ഗാന്ധിശതാബ്ദിവർഷത്തിലും തൊട്ടുമുമ്പും പുറത്തിറങ്ങിയ ഗ്രന്ഥപ്രളയത്തിൽ ചിലതിലെങ്കിലും, ഒരു നല്ല തുടക്കത്തിന്റെ ലക്ഷണം കാണാനുണ്ട്. ഇപ്പോൾ സുലഭമായിരിക്കുന്ന രേഖകളും വിവരങ്ങളും, ഗാന്ധിജിയെക്കുറിച്ച് കൂടുതൽ സമർത്ഥങ്ങളായ പഠനങ്ങൾക്കും പര്യാലോചനയ്ക്കും നാന്ദിയാകുമെന്ന് ആശിക്കുന്നു.

(ലേഖകന്റെ "ഗാന്ധി" എന്ന ഗ്രന്ഥത്തിൽനിന്ന്.
തർജ്ജമ: ശ്രീ വിഷ്ണുനാരായണൻനമ്പൂതിരി.)

Are we prepared, as the moral and Intellectual guide of youth, to emulate the model that the great 'Father of the Nation' has taught us? That will produce a crop of fair and just student population who will have the moral courage to fight injustice of any kind anywhere.

# The teacher as model


**K. C. Abraham M. A. B. T.**
Christian College, Chengannur.


A good deal has recently been said about the teacher being a model to the student world. There is nothing new about it. It has been discussed ever since the process of teaching began. It matters more what the teacher is. No sensible man can even deny the fact that the teacher should be an exemplary model before the student. Youth is the period of imitation and hero—worship. Very often youngsters blindly follow the teacher. More often the individual is idealized and imitated rather than the high ideals he pronounces. Many are attached to Mahatma Gandhi or Subhash Chandra Bose more than to the ideals for which they stood. If character-formation is the aim of education—and no doubt, it ought to be—then the teacher's example is more imporant than his precept. The master with his greater knowledge and wider experience in life is able to act as a real model and bring about effective changes in the character and outlook of young students in their formative age, as one who has the greatest control over their intellectual life. What the teacher actually is, the student would in after-life be. There is no difference of opinion on this fundamental question of the teacher being a model. All agree on this point.

But what is the model that the teacher should place before the student? Is it the model of the ever-submissive, tail-wagging type that would view any injustice indifferently and accept any humiliation lying low so that he may be always in the good books of those in power? Or is it the model that Mahatma Gandhi and a great many leaders of the world showed us, of an uncompromising attitude against injustice of any kind anywhere?

Fighting injustice is considered by some as lack of discipline. But it is only a well-disciplined mind that can rouse righteous indignation against injustice and fight it boldly without fear of consequence. Only a man of principle and character will have the moral courage to stand up against injustice.

My most revered teacher, Mr M. P. Paul, was a model by himself. He was meek in character and amenable to discipline, but had the moral courage to raise his voice against infiltrations on personal freedom and injustices perpetrated in the name of iron discipline. He was the least perturbed about consequences and faced the worst to safeguard his self-respect.

I remember the day he came to college as a young lecturer in English, well-clad in pure, white khadi with the ever flowing shawl draped round the long 'juba'. The young teacher was blooming with enthusiasm and vigour. His jovial countenance spread the gleam of knowledge among the admiring crowd of students as the words of wisdom from his lips fell. Just three days had passed and the freedom-loving man's dress had, surprisingly, changed over to thorough western pattern. The tie round his neck gave him immense trouble and enough suffocation that he began to develop the mannerism of pulling the knot of the tie off and on. But he stuck to pure khadi even while adopting western dress which he accepted as a compromise between principle and submission to discipline. But very soon compromises became impossible and he lost his job. How true is Gandhiji's aphorism that one can compromise with people, but not with principles. The independent spirit that the young teacher inculcated in his students, has made many heroes in the cause of our Independence struggle in the State.

